GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/08/2026

1) കാർഷിക വികസന ക്ഷേമ വകുപ്പും നബാഡും സംയുക്തമായി **കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് കൈത്താങ്ങായി AIF സംസ്ഥാനതല കോൺക്ലേവ്** സംഘടിപ്പിക്കുന്നു. ഇന്ന് (ആഗസ്റ്റ് 10 ന്) കോഴിക്കോട് കോവൂർ പി.കൃഷ്ണപിള്ള മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് കോൺക്ലേവ് ഉൽഘാടനം ചെയ്യുന്നു. കാർഷിക മേഖലയെ മൂല്യവർദ്ധിതവും വരുമാനവർദ്ധനവുമുള്ള സംരംഭ മേഖലയാക്കി മാറ്റുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (Agriculture Infrastructure Fund - AIF) പദ്ധതിയെക്കുറിച്ച് കർഷകർക്കും സംരംഭകർക്കും ബാങ്കിംഗ് സ്ഥാപനങ്ങൾക്കും കൂടുതൽ അവബോധം നൽകുന്നതിനായിട്ടാണ് കൃഷിവകുപ്പ് സ്ഥാനതല AIF കോൺക്ലേവ്

സംഘടിപ്പിക്കുന്നത്. കാർഷിക വികസനത്തിനായി പുതിയ നിക്ഷേപ സാധ്യതകൾ, വിളവെടുപ്പിന് ശേഷമുള്ള സംഭരണം, ഗ്രേഡിംഗ്, പാക്കിംഗ്, കോൾഡ് സ്റ്റോറേജ്, പ്രാഥമിക സംസ്കരണം, ഫുഡ് പ്രോസസ്സിംഗ്, അഗ്രി-ലോജിസ്റ്റിക്സ് തുടങ്ങി കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പദ്ധതികൾക്ക് AIF വഴി ആകർഷകമായ വായ്പയും പലിശ സബ്സിഡിയും ലഭ്യമാക്കുന്നു. കർഷകർ, കാർഷിക/ കൃഷി സംരംഭകർ, എഫ്.പി.ഒ (FPO) കൾ, കാർഷിക ഇൻപുട്ട് ഡീലർമാർ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, SHGകൾ, കാർഷിക ധനസഹായം/ സർക്കാർ പദ്ധതികൾ തേടുന്നവർ എന്നിവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9188014503, 8943387552 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) ആഗസ്റ്റ് 17 ന് ആരംഭിക്കുന്ന **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മൂന്ന് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. മലയാളം ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങള്

www.celkau.in വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com എന്ന ഇ-മെയിൽ വഴിയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3) കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് 2026 **ഇന്ന് ആഗസ്റ്റ് 10 ന്** ആരംഭിക്കുന്നു. കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. രജിസ്റ്റർ ചെയ്തവർക്ക് ഇന്ന് **ആഗസ്റ്റ്** 10 മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് നമ്പർ 0487-2438566 എന്ന ഫോൺ ബന്ധപ്പെടാം.

4) ഇന്ത്യാഗവൺമെന്റ് ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിനു കീഴിലുള്ള, തഞ്ചാവൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളോജി എന്റർപ്രെണർഷിപ്പ് ആൻഡ് മാനേജ്മെന്റിൽ വെച്ച് 2026 ഓഗസ്റ്റ് 10 മുതൽ ഓഗസ്റ്റ് 14 വരെ മില്ലറ്റ് പ്രോഡക്റ്റ് പ്രോസസ്സർ ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടിക്ക് (STSTP) അപേക്ഷ ക്ഷണിച്ചു. കൂടുതൽ

വിവരങ്ങൾക്ക് https://niftem-t.ac.in/mppr.php എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

5) 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ** ഇന്റെഗ്രേറ്റഡ് ഡെവലപ്‌മെന്റ് ഓഫ് **ഹോർട്ടിക്കൾച്ചർ** (എം.ഐ.ഡി.എച്ച്) **പദ്ധതിയിൽ** ഉൾപ്പെടുത്തി വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടം സ്ഥാപിക്കലിന്റെ ഭാഗമായി വിവിധ ഹോർട്ടിക്കൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി ധനസഹായം നൽകുന്നു. ഈ ഘടകത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.

a) ഡ്രാഗൺ ഫ്രൂട്ടിന്റ്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 2.70 ലക്ഷം രൂപ രണ്ട് വർഷകാലയളവിലായി ധനസഹായം നൽകുന്നു.

b) സ്ട്രോബറിയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 80,000/- രൂപ ധനസഹായം നൽകുന്നു.

c) പാഷൻ ഫ്രൂട്ടിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ പരമാവധി 1,10,000/- രൂപ ധനസഹായം 60:40 എന്ന അനുപാതത്തിൽ രണ്ട് വർഷങ്ങളിലായി നൽകുന്നു.

d) വാഴയുടെയും കൈതച്ചക്കയുടെയും പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 44,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു തവണകളായി ധനസഹായം നൽകുന്നു.

e) ടിഷ്യുകൾച്ചർ വാഴയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഫെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 70,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു തവണകളായി ധനസഹായം നൽകുന്നു.

f) പപ്പായയുടെ പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായമായ 30,000 രൂപ 60:40 എന്ന അനുപാതത്തിൽ രണ്ടു വർഷങ്ങളിലായി 80 % അതിജീവന നിരക്കിന് വിധേയമായി നൽകുന്നു.

g) അവാക്കാഡോ, റംബൂട്ടാൻ, മാംഗോസ്റ്റീൻ, എന്നീ ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം

പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:40 എന്ന അനുപാദത്തിലും, 80% അതിജീവന നിരക്കിന് വിധേയമായി, പപ്പായ, പ്ലാവ്, കുടംപുളി എന്നി ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 30,000/- രൂപ 60:40 എന്ന അനുപാദത്തിലും, 80ശതമാനമായ അതിജീവന നിരക്കിന് വിധേയമായി, മാവ്, പേര, നാരകം, മാതളം എന്നീ ഫലവർഗ്ഗ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപ 60:40 എന്ന അനുപാദത്തിലും രണ്ടു വർഷങ്ങളിലായി 80% അതിജീവന നിരക്കിന് വിധേയമായി ധനസഹായം നൽകുന്നു.

h) മാവ്, പേര, നാരകം, മാതളം എന്നീ ഫലവർഗ്ഗ വിളകളുടെ അതി സാന്ദ്രതാ കൃഷിക്കായി നടീൽ വസ്തുക്കൾക്കും മറ്റ് ഉത്പാദനോപാദികൾക്കും വേണ്ടിയുള്ള ചെലവ് കണക്കിലെടുത്ത് 2 ഹെക്ടർ വരെയുള്ള സ്ഥലത്ത് 60:40 എന്ന നിരക്കിൽ 2 ഗഡുക്കളായി ലഭിക്കും.

i) അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 24,000/- രൂപ ധനസഹായം നൽകും.

j) ഓപ്പൺ പോളിനേറ്റഡ് ഉള്ളിയുടേയും വെളുത്തുള്ളിയുടേയും കൃഷിക്കായി 2 ഹെക്ടർ വരെയുള്ള സമതല പ്രദേശങ്ങൾക്ക് പരമാവധി 40000 രൂപ വരെ ഒറ്റ ഗഡുവായി ലഭിക്കും.

k) കട്ട്ഫ്ളവർ (ഓർക്കിഡ്, ആന്തൂറിയം മുതലായ ) കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000/- രൂപയും, ലൂസ് ഫ്ളവർ കൃഷിയ്ക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/-രൂപയും ധനസഹായം നൽകുന്നു.

l) ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 40,000/- രൂപയും, കുരുമുളക്, ജാതി മുതലായ ബഹു വർഷ സുഗന്ധ വിളകൾക്ക് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 40,000/-രൂപയും ധനസഹായം നൽകുന്നു.

m) കൃഷി ചെലവ് കൂടിയ വെറ്റില, റോസ്, റോസ് മേരി, ട്യൂബറോസ്, ജെറേനിയം, ചന്ദനം, മുല്ല മുതലായവ സുഗന്ധ തൈല വിളകളുടെ കൃഷിയ്ക്ക് 2 ഹെക്ടർ വരെയുള്ള സമതല പ്രദേശങ്ങൾക്ക് ഹെക്ടറിന് മൊത്തം പദ്ധതി ചിലവായ 1.25 ലക്ഷം രൂപയുടെ 40% എന്ന കണക്കിൽ ധനസഹായം നൽകുന്നു. മറ്റ് സുഗന്ധതൈലവിളകൾ

കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000/- രൂപ ധനസഹായം നൽകും.

n) ഔഷധ സസ്യ വിളകളുടെ കൃഷിക്കായി 2 ഹെക്ടർ വരെ, ഹെക്ടറിന് മൊത്തം പദ്ധതി ചിലവായ 1.5 ലക്ഷം രൂപയുടെ 40% സഹായം പരമാവധി 60,000/-രൂപ, **നടീൽ വസ്തുക്കളുടെ ചെലവ്** വഹിക്കുന്നതിനായി ലഭിക്കും.

o) കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ ഇടവിളയായി കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 20,000 രൂപ 60:40 എന്ന അനുപാതത്തിൽ 80% അതിജീവന നിരക്കിന് വിധേയമായി രണ്ട് വർഷങ്ങളിലായി നൽകുന്നു.

മേൽ ആനുകൂല്യങ്ങൾ എല്ലാം തന്നെ അതാത് ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

**6.** കർഷകദിനത്തോടനുബന്ധിച്ച് വർക്കല ചെമ്മരുതി പഞ്ചായത്തിന്റെയും കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ ചെമ്മരുതി കൃഷിഭവൻ പരിധിയിലെ മികവുറ്റ കർഷകരെ ആദരിക്കുന്നു.

കർഷകർ പാസ്പോർട്ട് സൈസ് ഫോട്ടോസഹിതം ആഗസ്റ്റ് 10 ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി ചെമ്മരുതി കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9383470188 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.